# FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ

**Hazrat khalifathullah Munir Ahmad Azim (A)**

**23 December 2016 (22 Rabi 'ul' Awwal 1438 Hijira)**

## The Concept of Revelation Part (3) വെളിപാടിന്റെ പൊതുധാരണ (പാർട്ട് 3)

ഹസ്രത് ഖലീഫത്തുല്ലാഹ് സലാം പറഞ്ഞശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാതിഹാ ഓതിയ ശേഷം **വെളിപാടിന്റെ പൊതുധാരണ** മൂന്നാം ഭാഗം ആരംഭിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദൈവീക വെളിപാടുകളുടെ പൊതുധാരണ എന്ന വിഷയം തുടങ്ങുകയാണ്.

വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) പറഞ്ഞു വെളിപാടുകളുടെ വിവിധ ഇനങ്ങൾ ദൈവം എനിക്ക് വെളിപ്പെടുത്തിയതിൽ ഒന്ന്, ദൈവം ചില മറഞ്ഞ കാര്യങ്ങൾ തന്റെ ദാസന് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുമ്പോൾ, ചില വാക്യങ്ങൾ അവന്റെ നാവിലൂടെ ഒഴുക്കിവിടുന്നു, അപ്പോൾ അവൻ ഒരു നേരിയ മയക്കത്തിലായിരിക്കും, ചിലപ്പോൾ അത് മൃദുവായിട്ടായിരിക്കും, മറ്റു ചിലപ്പോൾ കടുപ്പമായതുമായിരിക്കും. നാവിൽ നിന്നും പ്രയാസപ്പെട്ട് ഒഴുകുന്ന പ്രസ്തുത വാക്യങ്ങൾ, നാവിലേക്ക് വന്നു പതിക്കുകയാണ്, കട്ടിയുള്ള പ്രതലത്തിൽ പെട്ടെന്ന് ആലിപ്പഴം ശക്തമായി വീഴുന്നതുപോലെ ! അഥവാ അതിവേഗത്തിലോടുന്ന പടക്കുതിരയുടെ കുളമ്പടി ശബ്ദം പോലെ ! അത്തരം വെളിപാടുകൾ എത്തുന്നത് വളരെ വേഗത്തിലാണ്, അതുകൊണ്ടുതന്നെ അത്ഭുതം സ്ഫുരിക്കുന്നതരത്തിലായിരിക്കും, അതിനാൽ അതു മുഴുവൻ ശരീരത്തേയും ബാധിക്കുന്നതാണ്, അതോടൊപ്പം നാവും ശീഘ്രഗമനം നടത്തുന്നതാണ്, അത്തരം മഹത്വപൂർണ്ണമായ ശബ്ദം ലഭ്യമാകുന്നത് പ്രസ്തുത വ്യക്തിയുടെ നാവിലൂടെയല്ലാത്ത നിലയിലായിരിക്കും. ആസമയത്തുണ്ടാകുന്ന മയക്കം, വെളിപാടു പൂർണ്ണമാകുന്നതോടെ, പൂർണ്ണമായും അപ്രത്യക്ഷമാകുനനതാണ്, പ്രസ്തുത വെളിപാട് ലഭ്യമാകുന്ന സമയം, പ്രസ്തുത വ്യക്തി ശവതുല്യമായ നിലയിൽ നിശ്ചലാവസ്ഥയിലായിരിക്കും.

**രണ്ടാമത്തെ നിലയിലുള്ള വെളിപാട്; –** ഇതിന്റെ പേരിൽ അനേകം അത്ഭുതങ്ങൾ പറയുവാൻ കഴിയും, ഇതിനെ പൂർണ്ണ വെളിപാട് എന്ന് ഞാൻ പേരിടുന്നു. സർവ്വശക്തനായ ദൈവം, ഒരു മറന്ന കാര്യം, ഒരു ദാസന്റെ പ്രാർത്ഥനയുടെ ഉത്തരമായോ, അഥവാ ദൈവം സ്വമേധയോ അറിയിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ,

ദൈവം അവന്റെമേൽ ഒരു ബോധക്ഷയം അടിച്ചേല്പിക്കുന്നു. അത്തരം അവസ്ഥയിൽ അവൻ എല്ലാം നഷ്ടപ്പെട്ടവനായി തീരുന്നു. അവൻ ആ അബോധാവവസ്ഥയിൽ ആഴ്ന്നിറങ്ങുന്നു. ആഴമുള്ള ജലാശയത്തിൽ ഒരു വ്യക്തി ആഴ്ന്നിറങ്ങുന്നതുപോലെ, അവൻ അതിൽ അപ്രത്യക്ഷനാകുന്നു. ഈ ആമജ്ജനത്തിൽ നിന്നും ഉയർന്നു വരുമ്പോൾ, അവന്റെ ഉൾത്തടത്തിൽ ഒരു രീതിയിലുള്ള പ്രതിധ്വനി അവൻ അനുഭവിക്കുന്നു. എന്നിട്ട് പ്രസ്തുത പ്രതിധ്വനി ശാന്തമാകുമ്പോൾ, അവന്റെ ഉള്ളിൽ നിന്നും ചിലവാക്കുകൾ അവന് അനുഭവവേദ്യമാകുന്നു. അവ അനുഗണമായതും, സുന്ദരവും, മധുരതരവുമായിരിക്കും. അബോധവസ്ഥയിലേക്കുള്ള ഈ ആഴ്ന്നിറങ്ങൽ, അത്ഭുതകരമായ ഒരനുഭവം തന്നെയാണ്. അവ വാക്കുകളാൽ വർണ്ണനാതീതമാണ്. ഇത്തരം അവസ്ഥയിൽ, വിജ്ഞാനത്തിന്റെ ഒരു മഹാസാഗരം പ്രസ്തുത വ്യക്തിയുടെ മുമ്പാകെ തുറക്കപ്പെടുന്നതാണ്.

**മൂന്നാമത്തെ രീതിയുള്ള വെളിപാട് ;-** ഒരുവന്റെ ഹൃദയത്തിൽ മൃദുലമായ നിലയിൽ നല്കപ്പെടുന്നതാണ്. ഒരു വാക്യം അവന്റെ ഹൃദയത്തിലൂടെ കടന്നുപോകുന്നു. അതിലടങ്ങിയിരിക്കുന്ന അത്ഭുതങ്ങൾ വിവരണാതീതമാണ്. ആ വെളിപാടിന്റെ സവിശേഷതയാണ് ഇത്തരം വെളിപാടിന് മുൻപ്, അബോധവസ്ഥയോ, മയക്കമോ ഉണ്ടാകേണ്ട ആവശ്യമില്ല. ഇത്തരം വെളിപാടുകൾ സമ്പൂർണ്ണമായും ബോധാവസ്ഥയിൽ തന്നെ ലഭ്യമാകുന്നതാണ്. ഹൃദയത്തിൽ ഇത്തരം വാക്കുകൾ ആരോ പറഞ്ഞതുപോലെ അനുഭവപ്പെടുന്നതാണ്. അഥവാ ഹൃദയത്തിലേക്ക് അവ എറിയപ്പെട്ടതുപോലെ അനുഭവപ്പെടുന്നതാണ്. ഒരാൾ ചിലപ്പോൾ ഭാഗികമായി ഉണർന്നിരിക്കാം, അഥവാ പൂർണ്ണമായും ഉണർന്നിരിക്കാം, അയാൾക്ക് പെട്ടെന്ന് അയാളുടെ നെഞ്ചകത്തേക്ക് പുതിയ വാക്കുകൾ പ്രവേശിച്ചതായി അനുഭവവേദ്യമാകുന്നു. ചിലപ്പോൾ, പെട്ടന്ന് ഹൃദയത്തിലേക്ക് വാക്കുകൾ പ്രവേശിച്ചതിനെ തുടർന്ന്, പ്രസതുത വാക്കുകൾ അവയുടെ ശക്തമായ പ്രകാശം പ്രകടമാക്കുന്നു. അപ്പോൾ ഈ വാക്കുകൾ ദൈവം തനിക്ക് എത്തിച്ചതാണെന്ന്, അവന് ബോധ്യമാകുന്നതാണ്.

വെളിപാടിന്റെ മറ്റൊരു രീതി, സത്യസ്വപ്നത്തിലൂടെയോ, മനുഷ്യാകൃതി പൂണ്ട ഒരു മാലാഖയിലൂടെയോ, കടലാസിൽ എഴുതപ്പെട്ട നിലയിലൊ, അഥവാ ഒരു കല്ലിൽ ആലേഖനം ചെയ്തതായിട്ടോ തുടങ്ങിയ നിലയിൽ സർവ്വശക്തനായ ദൈവം ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നതാണ്. ഇപ്രകാരവും മറഞ്ഞ രഹസ്യങ്ങൾ വെളിവാക്കപ്പെടുത്തുന്നതാണ്.

**വെളിപാടിന്റെ മറ്റൊരു രീതി, ഒരാൾ ഒരു ശബ്ദം പുറമേ നിന്ന് ആരോ കർട്ടനു പിന്നിൽ നിന്ന് സംസാരിക്കുന്നപോലെ ! എന്നാൽ പ്രസ്തുത ശബ്ദം വളരെ മധുരതരവും, ആഹ്ലാദകരവുമാണ്. സാധാരണ വേഗത്തിലാണ് വാർത്ത എത്തിക്കുന്നത്. ഹൃദയം ഇതു കേൾക്കുമ്പോൾ സന്തോഷഭരിതമാകുന്നുമുണ്ട്. ഒരുവന്റെ മനസ്സ് ചിന്തയുടെ ആഴങ്ങളിലായിരിക്കുമ്പോൾ, ഈ വാക്കുകൾ പൊടും നിന്നെ കേൾക്കുന്നു. അവൻ അത്ഭുതചിത്തനാകുന്നു. ഇത് എവിടെ നിന്നാണ് വരുന്നത്? ആരാണ് ഈ കാര്യങ്ങൾ നല്കുന്നത് ? ആരിൽ നിന്നായിരിക്കും ഈ ശബ്ദം വരുന്നതെന്ന് അവൻ നോക്കുന്നു. അപ്പോൾ അവൻ മനസ്സിലാക്കുന്നു. ഇത് ഒരു മാലാഖയിൽ നിന്നുമാണ് പുറപ്പെടുന്നതെന്ന് !**

പ്രവാചകന്മാർ വരുന്നു. ജനങ്ങൾക്ക് മാർഗ്ഗദർശ്ശനം നല്കുന്നു ; ആത്മീയ ജ്ഞാനത്തിന്റെ ഉറവയിൽ നിന്ന് ! അതിലൂടെ അവരുടെ ആത്മീയ ദാഹം ശമിപ്പിക്കുവാൻ കഴിയും ! എല്ലാ ജീവന്റെയും പരമമായ ഉറവിടം എല്ലാത്തിനും ശക്തിയുള്ളവനും എല്ലാം അറിയുന്നവനുമായ ദൈവത്തിൽ നിന്നുമാകുന്നു. ആയതിനാൽ അറിയുക യഥാർത്ഥ ജീവൻ ആത്മീയ ജീവനാകുന്നു. പ്രവാചകൻ വരുന്നത് ദൈവവുമായി മനുഷ്യനെ ചേർത്തു നിർത്തുവാനാണ്. ദൈവത്തിൽ നിന്നുള്ള വെളിപാട്, അറിവിന്റെ പ്രത്യേക സമ്മാനമാണ്. ഈ അറിവ് ദൈവവുമായി അടുത്തു നില്ക്കുന്നതിന് നമ്മെ സഹായിക്കുന്നു. അവന്റെ പ്രകൃതിയെ കുറിച്ച് സവിശേഷതകളെകുറിച്ചും നമുക്കൊരു ഉൾക്കാഴ്ച തരുന്നു. എല്ലാ തലമുറയ്ക്കും അവൻ ഈ അറിവ് പകർന്നു നല്കുന്നു. അവൻ അറിവിന്റെ ഭണ്ഡാകാരമാണ്. ദൈവീക സത്തയെകുറിച്ചുള്ള അറിവ്, ദൈവീക സവിശേഷതകളെകുറിച്ചുള്ള അറിവാണ്. അത് ലഭ്യമാകുന്നത് നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയുമാണ്.

ഓരോ പ്രവാചകനും ലഭ്യമാകുന്ന ദൈവത്തിന്റെ പ്രത്യേക സമ്മാനം, അവനിൽ നിന്നും ലഭിക്കുന്ന പ്രത്യേക ജ്ഞാനമാണ്. ദൈവ പ്രതിനിധികളുടെ കൂടെ സഹവസിക്കുന്നവർ, അനേകം നന്മകൾ വിളയിക്കുന്നു. ഒരു പരിധി വരെ പരമോന്നതനായ ദൈവവുമായും അവന്റെ തിരഞ്ഞെടുത്ത പ്രതിനിധിയുമായി അവർ ബന്ധം സ്ഥാപിക്കുവാനുള്ള അറിവ് നേടുന്നു. പൂർണ്ണമായ അറിവ് അല്ലാഹുതന്നെയാണ് നല്കേണ്ടത് ! അത് മറ്റാർക്കും നല്കുവാൻ കഴിയുകയില്ല. അല്ലാഹുവിന്റെ അറിവ് ! അത് തീർത്തും അപാരം തന്നെ! ദൈവ പ്രതിനിധിയെ തെറ്റായ കുറ്റാരോപണം നടത്തുമ്പോൾ,യാതൊരു തെളിവുമില്ലാതെ ഖണ്ഡിക്കുമ്പോൾ, കർഷകൻ കൊയ്ത്തുകാലത്ത് അരിവാളിന്റെ മൂർച്ചകൂട്ടുന്നതുപോലെ, പരമോന്നതനായ ദൈവം കുറ്റരോപണം നടത്തുന്നവർക്കെതിരിൽ നടപടി ആരംഭിക്കുന്നതാണ്. ആ സമയം ആസന്നമായി എന്ന് ഞാൻ മനസ്സിലാക്കുന്നു. പരമോന്നതനായ അല്ലാഹുവിന് സമ്പൂർണ്ണവും കുററമറ്റതുമായ ഒരു പദ്ധതി തീർച്ചയായും ഉണ്ട്.

ഈ ലോക നിയമത്തിൽ നാം കാണുന്നു തന്റെ പ്രജയിൽ ഇന്ന ആളുകൾ പീഡനങ്ങൾ ഏറ്റുവാങ്ങുന്നു. എന്നറിയുമ്പോൾ ഭരണാധികാരി അവരുടെ സഹായത്തിനെത്തുന്നു. ആരുടെ അറിവാണോ ഏറ്റവും സമുന്നതമായതും, എല്ലാ സാഹചര്യങ്ങളും, സംശയാതീതമായി അറിയാവുന്നവനുമായ ദൈവം എന്തുകൊണ്ട് സഹായിക്കുന്നില്ല എന്ന് സംശയമുണ്ടോ? തീർച്ചയായും പീഡിപ്പിക്കപ്പെടുന്നവനെയും, നിഷ്കളങ്കനായ വ്യക്തിയെയും, പരമോന്നതനായ ദൈവത്തിൽ നിന്ന് വെളിപാട് ലഭിച്ചു എന്നു പറഞ്ഞ കാരണത്താൽ, കുഴപ്പത്തിലകപ്പെടുത്തപ്പെട്ട ജനങ്ങളെ സംസ്കാരിക്കുവാനായി, ദൈവം തന്നെ നിയോഗിച്ചിരിക്കുന്നു എന്ന് പറഞ്ഞവനെയും സഹായിക്കാതിരിക്കുമെന്ന് കരുതുന്നുണ്ടോ? തന്റെ സ്വാത്വികരായ ദാസന്മാരെ അവൻ  ഒരിക്കലും കയ്യൊഴിയില്ല! അവൻ അവരെ എല്ലാ അർത്ഥത്തിലും സഹായിക്കുന്നതാണ്. അവൻ ക്ഷമാലുവാണ്. അതാണവന്റെ വഴി അല്ലാഹു ഈ സാഹചര്യം അറിയുന്നില്ല എന്ന് പറയുന്നത് ദൈവ നിഷേധമാണ് ! ഈ അധർമ്മം അവൻ കാണുന്നില്ല എന്ന് കരുതരുത്? ആദ്യം മുതൽ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളും അവൻ നന്നായി അറിയുന്നവനാണ്.

എന്റെ ഈ പ്രഭാഷണം ഇവിടെ നിർത്തുന്നു. ദൈവീകവെളിപാടുകളുടെ പൊതുധാരണ നല്ല നിലയിൽ മനസ്സിലാക്കുവാൻ അല്ലാഹു നമ്മെ ഓരോരുത്തരെയും പ്രാപ്തമാക്കട്ടെ! ഇൻശാ അല്ലാഹ് ആമീൻ


**Translated by**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**